കേരള സർക്കാർ

## പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

നമ്പർ 59789/ജെ1/10/പൊ.വി. *തിരുവനന്തപുരം, തീയതി 2010 നവംബർ 22.*

# സർക്കുലർ

വിഷയം:—പൊതുവിദ്യാഭ്യാസം—പഞ്ചായത്ത് സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക നിയമനം—തസ്തിക നഷ്ടപ്പെടൽ—മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:—2-1-2010-ലെ സ.ഉ. (പി) നമ്പർ2/10/പൊ.വി.

സൂചന സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പഞ്ചായത്ത്/ നഗരസഭ അധീനതയിലുള്ള സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുകയും പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരെ സർക്കാർ ജീവനക്കാരായി സർവ്വീസ് ക്രമീകരിക്കാനും തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത ജീവനക്കാരുടെ പ്രൊമോഷൻ, ഗ്രേഡ്, സീനിയോറിറ്റി തുടങ്ങിയവ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം പി. എസ്. സി. യുടെ അംഗീകാരത്തിന് വിധേയമായി പിന്നീട് തീരുമാനിക്കുന്നതാണെന്നും ഉത്തരവായിരുന്നു.

2. പഞ്ചായത്ത് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുകയും പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരെ സർക്കാർ ജീവനക്കാരായി സർവ്വീസ് ക്രമീകരിക്കാൻ ഉത്തരവായതിനാലും അവരുടെ സീനിയോറിറ്റി ക്രമീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിലും തസ്തിക നഷ്ടപ്പെടുന്ന അവസരത്തിൽ ഇവരുടെ സേവനം എപ്രകാരം ക്രമീകരിക്കണമെന്ന സംശയം വിവിധ കോണുകളിൽ നിന്നുണ്ടായ സാഹചര്യത്തിൽ സർക്കാർ താഴെപ്പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

GCPT. 3/4593/2010/TP.

[മറുപുറം

3. പഞ്ചായത്ത് സ്കൂളുകളിൽ പി.എസ്.സി. മുഖേന നിയമനം ലഭിച്ചവർക്കും, 14-7-1997-ന് മുൻപ് റഗുലർ ഒഴിവുകളിൽ നിയമനം ലഭിച്ചവർക്കും തസ്തിക നഷ്ടപ്പെടുന്ന സാഹചര്യത്തിൽ അവരെ മറ്റ് സർക്കാർ സ്കൂളുകളിലെ ഒഴിവുകളിൽ പുനർവിന്യസിപ്പിച്ച് സംരക്ഷണം നല്കേണ്ടതാണ്.

**ജെയിംസ് വർഗ്ഗീസ്,**

*സെക്രട്ടറി.*

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും } പൊതു വിദ്യഭ്യാസ ഡയറക്ടർ മുഖേന

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും/ ഓഫീസർമാർക്കും.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ഡയറക്ടർ, ഐ.ടി.@സ്കൂൾ, തിരുവനന്തപുരം (വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി